നടപ്പിലാക്കുന്നതിനായുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഭരണ തലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിന്, സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നും മൊത്തം 1,41,40,000 രൂപ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായും സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ രണ്ടുകോടി രൂപ 2015 മാർച്ചിലും സർക്കാർ ബോർഡിന് കൈമാറിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി 10 ലക്ഷം രൂപ 2011-12 വർഷത്തിലും, 6 ലക്ഷം രൂപ 2014-15 വർഷത്തിലും, നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയുടെ ആവശ്യാർത്ഥം സിനിമാ പ്രേക്ഷകരിൽ നിന്നും 25 രൂപ വിലയിൽ കവിയുന്ന ടിക്കറ്റിൻമേൽ 3 രൂപ നിരക്കിൽ സെസ്സ് പിരിക്കുന്നതിനായി നിയമവ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പത്രജീവനക്കാർക്കുള്ള പെൻഷൻ

86 (4121) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്രജീവനക്കാർക്കുള്ള പ്രതിമാസ പെൻഷനിൽ ആയിരം രൂപയുടെ വർദ്ധനവ് വരുത്തുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) കുടിശ്ശിക ഉൾപ്പെടെയുള്ള പ്രതിമാസ പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനും പെൻഷൻ വർദ്ധനവ് നടപ്പിൽ വരുത്തുന്നതിനും തയ്യാറാകുമോ ;

(സി) നോൺജേർണലിസ്റ്റ് പെൻഷൻ പദ്ധതിപ്രകാരമുള്ള പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട് ; ഇതിന് കാരണം എന്താണ് ?

ഉത്തരം

(എ) പത്രജീവനക്കാർക്കുള്ള പ്രതിമാസ പെൻഷനിൽ ആയിരം രൂപയുടെ വർദ്ധനവ് വരുത്തുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച പെൻഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നോൺ ജേർണലിസ്റ്റ് പെൻഷൻ പദ്ധതിപ്രകാരമുള്ള പെൻഷൻ വിതരണത്തിൽ 2015 മാർച്ച് മുതൽ ജൂലൈ വരെ 5 മാസത്തെ കടിശ്ശികയുണ്ട്. ധനവകുപ്പിൽ നിന്നും അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതയാണ് കടിശ്ശിക ഉണ്ടാകുവാൻ കാരണമായത്.

പത്ര മാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നൽകാനുള്ള തുക

87 (4122) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ആർ.ഡി. കഴിഞ്ഞ നാല് വർഷങ്ങളിലായി പത്രമാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നൽകാനുള്ള തുകയിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് പത്രമാധ്യമം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പരസ്യ ഇനത്തിൽ കടിശ്ശികയായി 2015 മാർച്ച് 31 വരെ എത്രതുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് പത്ര മാധ്യമ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) പത്രമാധ്യമങ്ങൾക്ക് പരസ്യ തുക കടിശ്ശിക അനുവദിച്ചു നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രഭാത, സായാഹ്ന പത്രങ്ങൾക്ക് കടിശ്ശിക തുക വിതരണം ചെയ്യുന്നതിന് ഒരേ മാനദണ്ഡം തന്നെയാണോ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ആർ.ഡി. കഴിഞ്ഞ നാല് വർഷങ്ങളിലായി പത്രമാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നൽകാനുള്ള തുകയിൽ വിതരണം ചെയ്ത തുകയുടെ പത്രമാധ്യമം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പരസ്യയിനത്തിൽ കടിശ്ശികയായി 2015 മാർച്ച് 31 വരെ പഴയ നിരക്കനുസരിച്ച് ഏകദേശം 26 കോടി രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. റിലീസ് ചെയ്ത പരസ്യങ്ങളുടെ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി&ഡി) പത്രമാധ്യമങ്ങൾക്ക് പരസ്യ തുക അനുവദിച്ചു നൽകുന്നത് പാസ്സാക്കി ലഭ്യമാകുന്ന ബില്ലുകളുടെ റിലീസ് ഓർഡറിന്റെ ക്രമത്തിലാണ്. പ്രഭാത, സായാഹ്ന പത്രങ്ങൾ ഉൾപ്പെടെ എല്ലാ മാധ്യമങ്ങൾക്കും കടിശ്ശിക തുക വിതരണം ചെയ്യുന്നതിന് ഒരേ മാനദണ്ഡം തന്നെയാണ് സ്വീകരിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly.